ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 11.02.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1) ദ്വിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോയുമായി കൂടിക്കാഴ്ച നടത്തും.

   Prime Minister Narendra Modi to hold talks with French President Emmanuel Macron today in Paris; To co-chair AI Action Summit.

2) പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. ബജറ്റ് ചർച്ചയ്ക്ക് ധനമന്ത്രി നിർമലാ സീതാരാമൻ ഇന്ന് ലോക്സഭയിൽ മറുപടി നൽകും.

   Finance Minister Nirmala Sitharaman will reply to the discussion on the Union Budget 2025-26 in Lok Sabha today.

3) സംസ്ഥാനത്തെ വർധിച്ചു വരുന്ന ലഹരി മരുന്ന് ഉപയോഗം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ട് വന്ന ഉപക്ഷേപത്തിന്മേൽ നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു.

   Discussion progressing in Kerala Assembly over the increasing drug menace in the state, demanded by opposition through adjournment motion.

4) നിലവിലെ അന്താരാഷ്ട്ര സാഹചര്യത്തിൽ, രാജ്യങ്ങൾക്കിട യിൽ വർദ്ധിച്ച പങ്കാളിത്തം ആവശ്യമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.

Defence Minister Rajnath Singh asserted that the evolving global security scenario demands innovative approaches and global partnership.

5) മഹാകുംഭമേളയുടെ ഭാഗമായി നടക്കുന്ന മാഘി പൂർണിമ സ്നാനത്തിനായി പ്രയാഗ് രാജിൽ തയ്യാറെടുപ്പുകൾ അന്തിമഘട്ടത്തിൽ.

Maghi Purnima Snan Preparations Enter Final Phase at Prayagraj for Kumbh Mela.

6) ദേശീയ ഗെയിംസ് ജിംനാസ്റ്റിക്സിൽ കേരളത്തിന് മൂന്നാം മെഡൽ.

In 38th National Games, Kerala clinches third medal in Gymnastics.

***************************

## PM FRANCE

ദ്വിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോയുമായി പാരിസിൽ കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ഫ്രാൻസ് ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾക്കൊപ്പം നിരവധി ഉഭയകക്ഷി കരാറുകളും കൂടിക്കാഴ്ചയിൽ ഒപ്പുവക്കും. നിർമിത ബുദ്ധി രംഗത്ത് ആഗോള മാനദണ്ഡങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള എ.ഐ ആക്ഷൻ ഉച്ചകോടിയിൽ പ്രധാനമന്ത്രി, ഫ്രഞ്ച് പ്രസിഡൻറിനൊപ്പം സംയുക്ത അധ്യക്ഷത വഹിക്കും. നിർമിതബുദ്ധിയുടെ അതിവേഗ പുരോഗതി സ്വകാര്യതയ്ക്കും, തൊഴിൽ സാധ്യതകൾക്കും വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ ഉത്തരവാദിത്തത്തോടെയുള്ള എ.ഐ ഉപയോഗം സംബന്ധിച്ച ചർച്ചകൾ ഉച്ചകോടിയിൽ നടക്കും. ഇൻഡോ-ഫ്രഞ്ച് സിഇഒ ഫോറവും ഇരു നേതാക്കളുടെയും അധ്യക്ഷതയിൽ ഇന്ന് ചേരും. ഫ്രഞ്ച് നഗരമായ മാർസേയിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റിൻറെ ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി, ഇന്നലെ രാത്രിയോടെ ഫ്രാൻസിലെത്തിയ പ്രധാനമന്ത്രിക്ക് ഇന്ത്യൻ സമൂഹം ഊഷ്മള

വരവേൽപാണ് നൽകിയത്. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ക്ഷണപ്രകാരമുള്ള യുഎസ് സന്ദർശനത്തിനായി പ്രധാനമന്ത്രി നാളെ യാത്ര തിരിക്കും.

***************************

## PM-ENERGY WEEK -( INTRO)

'വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് അടുത്ത രണ്ട് ദശാബ്ദങ്ങൾ രാജ്യത്തിന് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കഴിഞ്ഞ 10 വർഷത്തിൽ രാജ്യത്തിന്റെ സൗരോർജ്ജ ഉൽപാദന ശേഷി ഇരട്ടിയായതായും ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ എനർജി വീക്ക് 2025 പരിപാടിയ്ക്ക് നൽകിയ വീഡിയോ സന്ദേശത്തിൽ അദ്ദേഹം വ്യക്തമാക്കി. സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്ന മൂന്നാമത്തെ വലിയ രാജ്യമാണ് ഇന്ത്യ. പാരീസ് ജി20 കരാറുകളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്ന ആദ്യ രാജ്യമാണ് ഇന്ത്യയെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്...)

ഊർജ്ജ മേഖലയുടെ ഭാവി രൂപപ്പെടുത്തുക, പരിഷ്കരണങ്ങൾക്ക് വഴിയൊരുക്കുക തുടങ്ങിയവയാണ് നാല് ദിവസത്തെ ഊർജ്ജ വാരാചരണത്തിന്റെ ലക്ഷ്യം.

***************************

## Parliament

പാർലമെൻറിൻറെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ബജറ്റിന്മേലുള്ള ചർച്ചകൾ ഇരുസഭകളിലും ഇന്നും തുടരും. ധനമന്ത്രി നിർമലാ സീതാരാമൻ ബജറ്റ് ചർച്ചയ്ക്ക് ലോക്സഭയിൽ ഇന്ന് മറുപടി നൽകും.

***************************

## ASSEMBLY DISCUSSION (INTRO)

സംസ്ഥാനത്തെ വർധിച്ചു വരുന്ന ലഹരി മരുന്ന് ഉപയോഗം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ട് വന്ന ഉപക്ഷേപത്തിന്മേൽ നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു. ലഹരി മരുന്ന്

വ്യാപനം കാരണം സംസ്ഥാനത്ത് കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർധിക്കുന്നതായി ചൂണ്ടിക്കാട്ടി പ്രതിപക്ഷത്ത് നിന്ന് പിസി വിഷ്ണുനാഥാണ് പ്രമേയത്തിന് നോട്ടീസ് നൽകിയത്. വിദ്യാർത്ഥികളെ ഉൾപ്പെടെ മയക്കുമരുന്ന് വിതരണത്തിനായി ഉപയോഗിക്കുന്നതായും, ലഹരിമരുന്നുകളുടെ ഉറവിടം കണ്ടെത്തുന്നതിന് കർശന നടപടകൾ സ്വീകരിക്കണമെന്നും ശ്രീ വിഷ്ണുനാഥ് സഭയിൽ ചൂണ്ടിക്കാട്ടി. അതിർത്തി ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണം ശക്തമാക്കണമെന്നും ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. (ഹോൾഡ്)

സാമൂഹിക വിപത്തായ ലഹരി ഉപയോഗത്തെ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്ന് വ്യക്തമാക്കിക്കൊണ്ടാണ് എക്സൈസ് മന്ത്രി എം ബി രാജേഷ് സഭാ നടപടികൾ നിർത്തിവച്ചുള്ള ചർച്ചയ്ക്ക് സന്നദ്ധത അറിയിച്ചത്. ലഹരി ഉപയോഗത്തെ ചെറുക്കാൻ ജനങ്ങളെ ഒറ്റക്കെട്ടായി അണിനിരത്തുകയാണ് സർക്കാർ ചെയ്യുന്നതെന്നും മന്ത്രി വ്യക്തമാക്കി.

(Hold VOICE)

***************************

## RAJNATH SINGH

നിലവിലെ അന്താരാഷ്ട്ര സാഹചര്യത്തിൽ, രാജ്യങ്ങൾക്കിടയിൽ വർദ്ധിച്ച പങ്കാളിത്തം ആവശ്യമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്. ഭീകരവാദം, സൈബർ കുറ്റകൃത്യങ്ങൾ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വെല്ലുവിളികൾ അതിർത്തികൾക്കതീതമാണെന്നും അദ്ദേഹം പറഞ്ഞു. എയ്റോ ഇന്ത്യ പ്രദർശനത്തിന്റെ ഭാഗമായി ബംഗളൂരിൽ നടന്ന പ്രതിരോധ മന്ത്രിമാരുടെ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിരോധ മേഖലയിലെ ഗവേഷണം, വികസനം, എന്നിവയുടെ ആഗോള കേന്ദ്രമായി ഇന്ത്യ ഉയർന്നുവരുന്നത് രാജ്യത്തിൻറെ

മികവുകളുടെ  തെളിവാണെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

***************************

## Lottery

ലോട്ടറി വിതരണക്കാർ കേന്ദ്രസർക്കാരിന് സേവന നികുതി നൽകേണ്ടതില്ലെന്ന് സുപ്രീം കോടതി. ഇത് സംബന്ധിച്ച സിക്കിം ഹൈക്കോടതി ഉത്തരവിനെതിരെ കേന്ദ്രം സമർപ്പിച്ച അപ്പീൽ കോടതി തള്ളി. ലോട്ടറിയിൽ നികുതി ചുമത്താനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണെന്നും സുപ്രീംകോടതി വ്യക്തമാക്കി.

***************************

## MORN. PREZ - UNANI DAY

യുനാനി ദിനത്തോടനുബന്ധിച്ച് നടക്കുന്ന രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ആയുഷ് മന്ത്രാലയത്തിനു കീഴിലുള്ള കേന്ദ്ര യുനാനി ചികിത്സാ ഗവേഷണ സമിതിയുടെ നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. പ്രശസ്ത യുനാനി ചികിത്സകനും അധ്യാപകനും സ്വാതന്ത്ര്യ സമരസേനാനിയുമായ ഹക്കിം അജ്മൽ ഖാന്റെ ജന്മവാർഷികദിനമായ ഫെബ്രുവരി 11 ആണ് യുനാനി ദിനമായി ആഘോഷിക്കുന്നത്.

***************************

## J&K- AMIT SHAH - OMAR ABDULLAH MEET

ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള ഇന്നലെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി ന്യൂഡൽഹിയിൽ  കൂടിക്കാഴ്ച നടത്തി. ജമ്മു കശ്മീരിൻ്റെ സംസ്ഥാന പദവി പുനഃസ്ഥാപിക്കൽ, സുരക്ഷാ സാഹചര്യം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തതായി കൂടിക്കാഴ്ചക്ക് ശേഷം ഒമർ അബ്ദുള്ള  മാധ്യമങ്ങളോട് പറഞ്ഞു. മുഖ്യമന്ത്രിയായി ചുമതലയേറ്റ ശേഷം കേന്ദ്ര

ആഭ്യന്തര മന്ത്രിയുമായി ഒമർ അബ്ദുള്ള നടത്തുന്ന മൂന്നാമത്തെ കൂടിക്കാഴ്ചയാണിത്.

***************************

## Kumbh Mela

മഹാകുംഭമേളയുടെ ഭാഗമായി നാളെ നടക്കുന്ന മാഘി പൂർണിമ സ്നാനത്തിനായി പ്രയാഗ് രാജിൽ തയ്യാറെടുപ്പുകൾ അന്തിമഘട്ടത്തിൽ. തീർത്ഥാടകർക്കായി റെയിൽവേ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പ്രയാഗ് രാജ് റെയിൽവേ സ്റ്റേഷനിലെത്തി മുന്നൊരുക്കങ്ങൾ വിലയിരുത്തി. പ്രയാഗ് രാജ് സംഗം സ്റ്റേഷൻ വെള്ളിയാഴ്ച വരെ അടച്ചിടുമെന്നും റെയിൽവേ അറിയിച്ചു.

***************************

## Sabarimala

കുംഭമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട നാളെ വൈകുന്നേരം അഞ്ചിന് തുറക്കും. നാളെ മുതൽ ദർശനത്തിന് അവസരം ഉണ്ടെങ്കിലും പൂജകളൊന്നും തന്നെ ഉണ്ടാവില്ല. 13 മുതൽ 17 വരെ പൂജകളും അഭിഷേകവും നടക്കും. വെർച്വൽ ക്യൂ ബുക്ക് ചെയ്തും സ്പോട്ട്ബുക്കിംഗ് നടത്തിയും തീർഥാടകർക്ക് ദർശനം നടത്താം.

***************************

## Wayanad -Elephant

വയനാട് നൂൽപ്പുഴയിൽ കാട്ടാന ആക്രമണത്തിൽ യുവാവിന് ദാരുണാന്ത്യം. കാപ്പാട് സ്വദേശി മനു ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരമാണ് ആക്രമണം ഉണ്ടായത്. പ്രദേശത്ത് നാട്ടുകാരുടെ പ്രതിഷേധം തുടരുകയാണ്. യുവാവിന്റെ മൃതദേഹം നീക്കം ചെയ്യുന്നത് നാട്ടുകാർ തടഞ്ഞു.

***************************

## National Games

ദേശീയ ഗെയിംസ് ജിംനാസ്റ്റിക്സിൽ കേരളത്തിന് മൂന്നാം മെഡൽ. പുരുഷന്മാരുടെ

അക്രോബാറ്റിക് ജിംനാസ്റ്റിക്സിൽ കേരളാ ടീം വെള്ളി മെഡൽ നേടി. മുഹമ്മദ് അജ്മൽ, മുഹമ്മദ് സഫാൻ, സാത്വിക് എംപി, ഷിറിൽ റുമാൻ എന്നിവരടങ്ങിയ ടീമാണ് മെഡൽ സ്വന്തമാക്കിയത്. അക്രോബാറ്റിക് ജിംനാസ്റ്റിക്സിൽ ഫസൽ ഇംതിയാസ് - പാർവതി ബി നായർ മിക്സഡ് സഖ്യവും വെള്ളിമെഡൽ നേടി. വനിതാ വിഭാഗത്തിൽ ലക്ഷ്മി ബി നായർ - പൗർണമി റിഷികുമാർ സഖ്യം വെങ്കലവും നേടി. പോയിന്റ് പട്ടികയിൽ സർവീസസ് ഒന്നാമതും, മഹാരാഷ്ട്ര രണ്ടാം സ്ഥാനത്തും കർണാടക മൂന്നാം സ്ഥാനത്തുമാണ്. കേരളം നിലവിൽ ഒൻപതാം സ്ഥാനത്താണ്.

***************************

## IND VS ENG ODI

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം നാളെ. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30നാണ് മത്സരം. ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ഇന്ത്യ പരമ്പര ഇതിനകം സ്വന്തമാക്കിയിരുന്നു.

***************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 416 പോയിന്റ് ഇടിഞ്ഞ് 76,896 ലും, നിഫ്റ്റി 144 പോയിന്റ് നഷ്ടത്തിൽ 23,237 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിൽ വൻ വർധന. പവന് 640 രൂപ കൂടി 64,480 രൂപയും ഗ്രാമിന് 8,060 രൂപയുമാണ് ഇന്നത്തെ വില.

***************************

## UN- YEMEN

യെമനിലെ സാദയിൽ ഹൂതി വിമതർ എട്ട് യുഎൻ ഉദ്യോഗസ്ഥരെ കൂടി ബന്ദികളാക്കിയതിനെ തുടർന്ന് ഐക്യരാഷ്ട്രസഭയുടെ മാനുഷിക പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തി വച്ചു. സുരക്ഷാ സാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ സാദയിലെ എല്ലാ

പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തുന്നതായി യുഎൻ പ്രസ്താവനയിൽ അറിയിച്ചു. തടവിലാക്കിയ യുഎൻ ഉദ്യോഗസ്ഥരെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും യു.എൻ വ്യക്തമാക്കി.

***************************

## IRAQ–LEBANON

പുതിയ സർക്കാർ അധികാരത്തിലേറിയതിന് പിന്നാലെ ലെബനന് പിന്തുണ അറിയിച്ച് ഇറാഖ്. ലെബബൻ ജനതയ്ക്ക് എല്ലാവിധ സഹായങ്ങളും നൽകുമെന്ന് ഇറാഖ് പ്രധാനമന്ത്രി മുഹമ്മദ് ഷിയ അൽ സുഡാനി പറഞ്ഞു. പ്രധാനമന്ത്രി നവാഫ് സലാമിന്റെ കീഴിൽ ലെബനനിൽ അധികാരത്തിലെത്തിയ പുതിയ സർക്കാർ സാമ്പത്തിക പരിഷ്കരണങ്ങൾ , പുനർനിർമ്മാണ ശ്രമങ്ങൾ, ഇസ്രായേൽ- ലെബനീസ് അതിർത്തിയിലെ സുസ്ഥിരത എന്നിവ ലക്ഷ്യമിട്ടായിരിക്കും പ്രവർത്തിക്കുക.

***************************

*******************

******